പിന്നാക്ക വിഭാഗ വികസന വകുപ്പ്

എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

സിവിൽസ്റ്റേഷൻ - രണ്ടാംനില, കാക്കനാട്, എറണാകുളം- 682030

ഫോൺ-0484-2429130,2983130 ഇമെയിൽ-bcddekm@gmail.com

---

BCDEKM/06/2021/A1 15.02.2021

## ടെണ്ടർ നോട്ടീസ്

എറണാകുളം കാക്കനാട് കളക്ടറേറ്റിൽ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന്റെ ആവശ്യത്തിന് 2021 മാർച്ച് മാസം മുതൽ 2 വർഷ കാലയളവിലേയ്ക്ക് 1 Bolero വാഹനം കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓടുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൽ ഏജൻസികൾ/വാഹന ഉടമകളിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു.

### നിബന്ധനകൾ

1.കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ്.

2. പ്രസ്തുത വാഹനം BS4 സ്റ്റാൻഡേർഡിലുള്ള മോഡൽ ആയിരിക്കണം

3. 2015 ലോ അതിന് ശേഷമോ രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണം.

4. ഡ്രൈവർക്ക് നിർബന്ധമായും ലൈസൻസും,സ്ഥിരമായ മേൽ വിലാസവും മൊബൈൽ ഫോണും ഉണ്ടായിരിക്കേണ്ടതും, അത് പിന്നാക്ക വിഭാഗ വികസന വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഡ്രൈവർക്കെതിരെ ക്രിമിനൽ കേസുകളൊന്നും തന്നെ നിലവിൽ ഉണ്ടായിരിക്കരുത്.

5.തെരഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസികൾ/വാഹന ഉടമകൾ വകുപ്പുമായി 2 വർഷത്തേയ്ക്ക് 200രൂപ മുദ്ര പത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

6. വകുപ്പ് ആവശ്യപ്പെടുമ്പോഴെല്ലാം( അവധി ദിവസങ്ങൾ ഉൾപ്പടെ രാത്രിയും പകലും ) വാഹനം ലഭ്യമാക്കേണ്ടതാണ്.

### ഹാജരാക്കേണ്ട രേഖകൾ

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം

1.വാഹനത്തിന്റെ ആർ.സി ബുക്ക്,പുക പരിശോധനാ സർട്ടിഫിക്കറ്റ്,ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവശ്യപ്പെടുമ്പോൾ അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

2.പ്രതിമാസം കുറഞ്ഞ ദൂരമായ 2000 കിലോമീറ്ററിനുള്ള തുകയും, അതിനുശേഷമുള്ള ഓരോ അധിക കിലോമീറ്ററിനുള്ള തുകയും ,ജില്ലയ്ക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റ തുകയുമാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത് .

3.ടെണ്ടർ നോട്ടീസിനോടൊപ്പം സ്ഥാപനത്തിന്റെ റേറ്റ് രേഖപ്പെടുത്തി നൽകേണ്ടതാണ്.

4.സർക്കാർ സ്ഥാപനങ്ങൾക്കായി കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹനം നൽകിയിട്ടുള്ളവർ/ഏജൻസികൾ പ്രസ്തുത വിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറിനൊപ്പം പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ എറണാകുളത്ത് മാറാവുന്ന 500/- രൂപയുടെ ഡി.ഡി നിരത ദ്രവ്യമായി നൽകേണ്ടതാണ്. ടെണ്ടറുകളിൽ തീരുമാനമെടുത്തതിനുശേഷം പ്രസ്തുത തുക തിരികെ നൽകുന്നതാണ്. കരാർ ഉറപ്പിച്ചതിനു ശേഷം കരാറുകാരൻ പിൻമാറുകയാണെങ്കിൽ ഈ സംഖ്യ തിരിച്ചു നൽകുന്നതല്ല. ടെണ്ടറുകൾ സീൽ ചെയ്ത കവറിൽ ടെണ്ടർ നമ്പർ ,തീയതി എന്നിവ രേഖപ്പെടുത്തി 'മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം -682030 എന്ന വിലാസത്തിൽ 20.02.2021 ന് 3 പി.എം ന് മുമ്പായി നേരിട്ടോ,തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.കവറിനു പുറത്ത് "കോൺട്രാക്ട് കാർ വാടകയ്ക്കുള്ള ടെണ്ടർ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ അന്നേ ദിവസം 4 പി.എം ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിയ്ക്കുന്നതല്ല. ടെണ്ടറുകൾ സ്വീകരിയ്ക്കുവാനും നിരസിക്കുവാനുമുള്ള അധികാരം ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവൃത്തി സമയത്ത് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് നേരിട്ടും,0484-2429130 എന്ന ഫോൺ നമ്പരിലും ലഭ്യമാണ്.

Signature valid

Digitally signed by Anil G
Date: 2021.02.15 11:26:28 IST
Reason: Approved

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡയറക്ടറേറ്റ് എറണാകുളം

അനിൽ. ജി.
പെൻ 487185
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ, കാക്കനാട്
എറണാകുളം - 682030